ഉത്തരം

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് മുഖേന റോഡ് വികസനത്തിന് ലോകബാങ്കിൽ നിന്ന് 1250 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ വായ്പ 70 ശതമാനവും ഗ്രാന്റ് 30 ശതമാനവും ആണ്. നബാർഡിൽ നിന്നും 171.08 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ ലോകബാങ്ക് സഹായത്തോടെ 6 അപ്ഗ്രഡേഷൻ പദ്ധതികളും 36 ഹെവി മെയിന്റനൻസ് പദ്ധതികളും ഒരു ഐ. ഡബ്ല്യു. ടി. പദ്ധതിയും ഉൾപ്പെടെ 43 പദ്ധതികൾക്കാണ് വായ്പ ലഭ്യമാക്കിയിട്ടുള്ളത്. പതിനൊന്നര ശതമാനമാണ് പലിശ. മറ്റു ചാർജുകൾ വച്ചിട്ടില്ല. കരാറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.†

(സി) ലോകബാങ്കിൽ നിന്ന് കേരള സർക്കാർ നേരിട്ടല്ല വായ്പ എടുത്തിട്ടുള്ളത്. മറ്റു വായ്പാ തിരിച്ചടവ് സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) നബാർഡിൽ നിന്നും റോഡുകൾക്കും പാലങ്ങൾക്കുമായി 100 കോടി രൂപ എടുക്കുവാൻ ഉദ്ദേശിക്കുന്നു. കരാറിൽ ഒപ്പു വെച്ചിട്ടില്ല.

(ഇ) തിരിച്ചടവിന്റെ ധനസമാഹരണം അതാത് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് തുകയിൽ നിന്നും കുറവ് ചെയ്താണ് എടുക്കുന്നത്.

കെ. എസ്. ടി. പി. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡിന്റെ പണി

110 [1337] ശ്രീ. ആര്യാടൻ മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേൾഡ് ബാങ്ക് സഹായത്തോടുകൂടി കെ. എസ്. ടി. പി. സ്കീമിൽ നറുകര മുതൽ നിലമ്പൂർ വഴി സ്റ്റേറ്റ് ബോർഡർ വരെ അംഗീകരിച്ച റോഡ് മുട്ടികടവിൽവരെ മാത്രം പണിതീർത്തിട്ടുള്ളതിനാൽ, ബാക്കി വരുന്ന 21 കി. മീ. കൂടി അടിയന്തിരമായി പണി ചെയ്ത് തീർക്കാനുള്ള നടപടി കൈക്കൊള്ളുമോ;

(ബി) ഈ 21 കി. മീ. പണി പൂർത്തീകരിക്കാതിരിക്കാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്കീമിൽ പണി ചെയ്ത മറ്റേതെങ്കിലും റോഡുകൾ ബാക്കിയായിട്ടുണ്ടോ;

(ഡി) എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ലോകബാങ്ക് സഹായത്തോടെ ഇപ്പോൾ നടപ്പാക്കി വരുന്ന റോഡു വികസന പദ്ധതിയിൽ നറുകര സ്റ്റേറ്റ് ബോർഡർ വരെയുള്ള 40 കി. മീ. ദൂരം റോഡിന്റെ പണികൾ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. ടി റോഡിന്റെ അവശേഷിക്കുന്ന ഭാഗം ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിനാലാണ് ടി പണികൾ ഏറ്റെടുക്കാതിരുന്നത്. 21 കി. മീ. കൂടി പണി ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

എല്ലാ കാലാവസ്ഥയിലും നിലനിൽക്കുന്ന റോഡ് സമ്പർക്കം ലഭ്യമാക്കാൻ നടപടി

111 [1338] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ഞൂറോ അതിന് മുകളിലോ ജനസംഖ്യയുള്ള എല്ലാ വാസസ്ഥലങ്ങളിലും എല്ലാ കാലാവസ്ഥയിലും നിലനിൽക്കുന്ന റോഡ് സമ്പർക്കം ലഭ്യമാക്കണമെന്ന പത്താം പഞ്ചവത്സര പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് കഴിഞ്ഞ രണ്ടു വർഷത്തിനകം നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി ഓരോ ജില്ലയിലും ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരം വെളിപ്പെടുത്താമോ;

(സി) 2007-നകം ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയുന്ന നിലയിൽ വ്യക്തമായ പ്രവർത്തന രൂപരേഖ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി & സി) പൊതുമരാമത്ത് വകുപ്പിൻ കീഴിൽ പ്രസ്തുത പദ്ധതികളൊന്നും ഇല്ല.

2/196/2013—20.



LIBRARY ARCHIVES Kerala Legislative Assembly